GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/07/2026

1. വളം-സസ്യസംരക്ഷണ രാസവസ്തുക്കളുടെ വിൽപ്പനകേന്ദ്രം ആരംഭിക്കാൻ ആവശ്യമായ നിയമപരമായ യോഗ്യത നേടുന്നതിനുള്ള ദേശി (DAESI) ഡിപ്ലോമ കോഴ്സ് കൃഷി വിജ്ഞ്യാൻ കേന്ദ്ര ( KVK) പത്തനംതിട്ടയിൽ ഉടൻ ആരംഭിക്കുന്നു. MANAGE, ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ മാർഗനിർദേശത്തിൽ Nodal Training Institute (NTI) ആയ KVK പത്തനംതിട്ട ATMA പത്തനംതിട്ടയുടെ സഹകരണത്തോടെ നടത്തുന്ന 48 ആഴ്ച കോഴ്സാണ്. കോഴ്സ് ഫീസ് ₹28,000/-. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെട്ട പഞ്ചായത്തിലെ ബന്ധപ്പെട്ട കൃഷി ഭവൻ , പ്രൊജക്റ്റ് ഡയറക്ടർ ATMA അല്ലെങ്കിൽ KVK പത്തനംതിട്ട എന്നിവരുമായി 0469-2662094 / 0469-2661821 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ 8547070773

3. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള ബീകീപ്പിങ് ട്രെയിനിങ് കോഴ്സിലേക്ക് അപേക്ഷിക്കാം. യോഗ്യത എസ്എസ്എൽസി/ തത്തുല്യം. പ്രായപരിധി 18–30. കോഴ്സ് ഫീസ് 30,000 രൂപ. അവസാന തീയതി ജൂലൈ 31. അപേക്ഷ khadi.kerala.gov.in ൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9747321760 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോര് ഇ-ലേണിംഗ്) “പഴം-പച്ചക്കറി സംസ്കരണവും വിപണനവും” എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മൂന്ന് മാസമാണ് കോഴ്സിന്റെ ദൈർഘ്യം. മലയാളം ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. കോഴ്സ് ആരംഭിക്കുന്ന തിയ്യതി 2026 ആഗസ്റ്റ് 17 ആണ്. താല്പര്യമുള്ളവർ

www.celkau.in എന്ന വെബ്സൈറ്റിലെ 'ഇ–കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങള് www.celkau.in വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com എന്ന ഇ–മെയിൽ വഴിയോ 04872438567, 8547837256 എന്നീ ഫോണ് നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർറബ്ബർ ട്രെയിനിങ് (എൻ.ഐ .ആർ.റ്റി.) ഉണക്ക റബ്ബറിൽ നിന്നുള്ള ഉത്പന്ന നിർമ്മാണത്തിൽ അഞ്ചുദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർ കോമ്പൗണ്ടിങ്; പ്രോസസ്സ്കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ&മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പരിശീലനം 2026 ജൂലൈ 27 മുതൽ 31വരെ നടത്തും. പരിശീലന മാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9497487209, 04812353127 എന്ന ഫോൺ നമ്പരിലോ 04812353201എന്ന വാട്ട്സ് ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ – training@rubberboard.org.in